10 (*216) വനം കൈയേറ്റം

ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി റോസമ്മ ചാക്കോ :
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :
ശ്രീ. എ.കെ. മണി :
ശ്രീ. എഴുകോൺ നാരായണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനഭൂമിയാകെ സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) വനം കൈയേറ്റം ഫലപ്രദമായി തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ശോഷിച്ച വനമേഖല വിസ്തൃതമാക്കുന്നതിനുള്ള പദ്ധതി എന്തെങ്കിലും ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ടോ;

(ഡി) സ്വകാര്യവനം നിയമത്തിലെ പഴുതുകൾ ഇല്ലാതാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ;

(ഇ) വനസംരക്ഷണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) സർക്കാർ അധീനതയിലുള്ള വനപ്രദേശങ്ങൾ വനനിയമങ്ങൾ പ്രകാരം റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൈവശമുണ്ടായിരുന്ന വനപ്രദേശങ്ങൾ 1971 ലെ സ്വകാര്യ വനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമപ്രകാരം 10.5.1971-ൽ സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

(ബി) വനം കൈയേറ്റം ഫലപ്രദമായി തടയുന്നതിന് ഇപ്പോൾ തന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിസർവ് വനാതിർത്തികളിൽ സ്ഥിരം ബണ്ടുകൾ നിർമ്മിക്കുക, കയ്യേറ്റം ഉണ്ടാകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ വനസംരക്ഷണ വിഭാഗത്തിന്റെ പട്രോളിംഗ് നിരന്തരം നടത്തുക, വനം കയ്യേറ്റത്തിനെതിരെ പൊതുജനങ്ങളെ ബോധവാൻമാരാക്കുക എന്നീ നടപടികൾ എടുത്തു വരുന്നു. അപ്പോൾ ഉണ്ടാകുന്ന കയ്യേറ്റ ശ്രമങ്ങൾ തടഞ്ഞ് വനഭൂമി സംരക്ഷിച്ചു വരുന്നു. കൂടാതെ വനം വിജിലൻസ് വിഭാഗത്തിന്റെ കീഴിലുള്ള ഫ്ളൈയിംഗ് സ്ക്വാഡുകൾ വനം കയ്യേറ്റം തടയുന്നതിന് നിരന്തരം റോന്ത്ചുറ്റൽ നടത്തുകയും വനം കയ്യേറ്റങ്ങളെക്കുറിച്ചുള്ള പരാതികൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) ഇല്ല. എന്നാൽ ശോഷിച്ച വനമേഖല സമ്പന്നമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ഡി) സ്വകാര്യവനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമത്തിലെ വകുപ്പുകൾ വിശദമായി പരിശോധിച്ച് വരുന്നു.

(ഇ) വനം സംരക്ഷണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly